ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന ഇന്ദിര ആവാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി 781.00 ലക്ഷം രൂപയും നഗരസഭകൾ വഴി നടപ്പിലാക്കുന്ന 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ വാല്മീകി അംബേദ്കർ ആവാസ് യോജനയ്ക്കായി 3000 ലക്ഷം രൂപയും 2004-05 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി വിഹിതം വിനിയോഗിച്ച് ഭവന നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. പൊതു വിഭാഗത്തിൽ പരമാവധി 35,000 രൂപ സബ്സിഡി നൽകി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നു.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതി രൂപീകരണം പൂർത്തിയാകാത്തതിനാൽ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയുടെ വിവരം ഇപ്പോൾ ലഭ്യമല്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതിക്കാർക്കു ഭവനനിർമ്മാണത്തിനായി 50,000 രൂപ സബ്സിഡി ഗ്രാമ പഞ്ചായത്തും ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്കുപഞ്ചായത്തും വകയിരുത്തുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി 75000 രൂപയും ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 75000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമുള്ള തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്നു.

റോഡ് വികസനത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കൽ

119 [2611] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മുറിഞ്ഞപാലം വരെയും കുമാരപുരത്തുനിന്നും മുറിഞ്ഞപാലം ജംഗ്ഷൻ വരെയുമുള്ള റോഡ് ഇപ്പോൾ വികസിപ്പിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ മുറിഞ്ഞപാലത്തുനിന്നും കുമാരപുരത്തേയ്ക്ക് തിരിയുന്ന ജംഗ്ഷനും തുടർന്നുള്ള ഭാഗങ്ങളും ഇപ്പോൾ വീതികൂട്ടുന്നതെന്തിനാണ്;

(സി) വീതി കൂട്ടുന്നതിന്റെ പേരിൽ ആരുടെയെല്ലാം എത്ര ഭൂമി വീതം എടുക്കുന്നുണ്ട്; ഓരോരുത്തരുടെയും ഭൂമി അതിർത്തിയിൽനിന്നും എത്ര മീറ്റർ വീതമാണെടുക്കുന്നത്; അതിനുള്ള ലാൻഡ് അക്വിസിഷൻ നോട്ടീസ് നൽകിയോ;

(ഡി) നോട്ടീസുനൽകാതെ ഭൂമി എടുക്കുന്നതിനുള്ള അടിയന്തിരാവശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) മുറിഞ്ഞപാലം ജംഗ്ഷനിൽനിന്നും കുമാരപുരത്തേയ്ക്കുള്ള റോഡിന്റെ ജംഗ്ഷൻ ആരംഭിക്കുന്ന ഭാഗത്ത് ഒരു വശത്തുള്ള ഓട മുതൽ അതിനെതിരെ എതിർവശത്തുള്ള സ്വകാര്യ ഭൂമിയുടെ അതിർത്തിവരെയുള്ള വീതിയെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റോഡിനടുത്തുള്ള സ്വകാര്യ ഭൂമിയെടുക്കുന്നത് വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുവാനാണോ; അല്ലെങ്കിൽ എന്തിനുവേണ്ടിയാണ് സ്വകാര്യ ഭൂമി എടുക്കുന്നതെന്ന് വിശദീകരിക്കുമോ;

(ജി) മുറിഞ്ഞപാലത്തുനിന്നും കുമാരപുരത്തേയ്ക്കുള്ള ജംഗ്ഷൻ ആരംഭിക്കുന്നിടത്ത് ബോട്ടിൽനെക്ക് ഉണ്ടോ?

ഉത്തരം

(എ ആന്റ് ബി) പട്ടം-മുറിഞ്ഞപാലം-മെഡിക്കൽ കോളേജ് റോഡ് സർക്കാർ അംഗീകരിച്ച തലസ്ഥാന വികസന പദ്ധതിയുടെ ഭാഗമായുള്ള റോഡു വികസനത്തിൽ ഉൾപ്പെടുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വെ പൂർത്തി ആയ ശേഷം മാത്രമേ കൃത്യമായ ചിത്രം വ്യക്തമാവുകയുള്ളൂ.

(ഡി) ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(ഇ) 13 മീറ്റർ.

(എഫ്) വാഹന പാർക്കിംഗിനായി ഭൂമി ഏറ്റെടുക്കുന്നില്ല. റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനും, ജംഗ്ഷനുകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനുമാണ് ഭൂമി ഏറ്റെടുക്കുന്നത്.

(ജി) ഇല്ല

റവന്യൂ ഇൻസ്പെക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ

120 [2612] ശ്രീ. തമ്പാനൂർ രവി:

" കെ. സി. വേണുഗോപാൽ:

" എ. പി. അനിൽ കുമാർ:

" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നികത്താനുണ്ട്;

(ബി) ഇതുമൂലം വസ്തു കരം പിരിക്കുന്നതിന് ഏതെല്ലാം വാർഡുകളിൽ ഇവരുടെ സേവനം ലഭ്യമാകാതെയുണ്ട് എന്നറിയിക്കാമോ;

(സി) റവന്യൂ ഇൻസ്പെക്ടർമാരുടെ സേവനം ഈ വാർഡുകളിൽ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly